# കേരള സർവകലാശാല

നം. പി.ആർ.048/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### യൂണിറ്ററി എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല മേയ് രണ്ടിന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷയ്ക്ക് ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 15 (50 രൂപ പിഴയോടെ ഏപ്രിൽ 18, 250 രൂപ പിഴയോടെ ഏപ്രിൽ 19) വരെ അപേക്ഷിക്കാം. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾ സബ്സിക്വന്റ് അപിയറൻസ് ഫീസായി 200 രൂപ അടയ്ക്കണം.

### എം.എൽ.ഐ.എസ്സി പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 11-ന് തുടങ്ങുന്ന എം.എൽ.ഐ.എസ്സി പരീക്ഷയുടെ ഹാൾടിക്കറ്റ് പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

### പി.ജി.ഡി.സി.എ.എഫ്.സി ടൈംടേബിൾ

കേരള സർവകലാശാല മേയ് 10-ന് തുടങ്ങുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ചൈൽഡ് അഡോളസന്റ് & ഫാമിലി കൗൺസിലിംഗ് (2014 അഡ്മിഷൻ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു.

### ബി.ഫാം പരീക്ഷാകേന്ദ്രം

കേരള സർവകലാശാല ഏപ്രിലിൽ നടത്തുന്ന ഒന്നാം വർഷ ബി.ഫാം പരീക്ഷയ്ക്ക് തിരുവനന്തപുരം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് മെഡിക്കൽ കോളേജ്, പുനലാൽ ഡെയിൽവ്യൂ കോളേജ് ഓഫ് ഫാർമസി, മാരായമുട്ടം എഴുത്തച്ഛൻ കോളേജ് ഓഫ് ഫാർമസി, ശ്രീകാര്യം മാർ ഡിയോസ്കോറസ് കോളേജ് ഓഫ് ഫാർമസി, പാറശ്ശാല ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി ആൻഡ് റിസർച്ച് സെന്റർ എന്നിവിടങ്ങളിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് മെഡിക്കൽ കോളേജിലും ചേർത്തല സെന്റ് ജോസഫ്സ് കോളേജ് ഓഫ് ഫാർമസിയിലെ വിദ്യാർത്ഥികൾ അവിടെനിന്ന് അവിടെത്തന്നെ പരീക്ഷയെഴുതണം.

### ബി.എസ്സി ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എസ്സി ഇലക്ട്രോണിക്സ് (2010 & 2011 സ്കീം സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 26 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## ബി.കോം ഫലം

കേരള സർവകലാശാല 2016 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് (റീസ്ട്രക്ച്ചേർഡ് - സപ്ലിമെന്ററി മാത്രം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് ആറ് വരെ അപേക്ഷിക്കാം.

## ബി.എ ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2013 സ്കീം, 2013-ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി മാത്രം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 21 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## യോഗ ആൻഡ് മെഡിറ്റേഷൻ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. ഫീസ് 6000/- രൂപ. കാലാവധി മൂന്ന് മാസം. പ്രായപരിധിയില്ല. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ ഏഴ് മുതൽ ഒമ്പത് മണിവരെ ക്ലാസ് നടത്തും. താൽപര്യമുള്ളവർ പി.എം.ജിയിലെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 15. ഫോൺ 0471-2302523.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
07.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com    **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**